പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1922 26-10-2026-ൽ മറുപടിയ്ക്ക്

കെ.എസ്.എഫ്.ഇ. പവർ ആപ്പ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ചാണ്ടി ഉമ്മൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ(കെ.എസ്.എഫ്.ഇ.) പവർ ആപ്പ് വികസിപ്പിച്ചെടുത്തത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: പിക്സ് ഡൈനാമിക്സ് പ്രൈവറ്റ് ലിമിറ്റഡ്, തേർഡ് ഫ്ലോർ, ഫേസ്-2, കാർണിവൽ ഇൻഫോപാർക്, കാക്കനാട്, കൊച്ചി എന്ന കമ്പനിയാണ് പവർ ആപ്പ് വികസിപ്പിച്ചത്.

(ബി) കെ.എസ്.എഫ്.ഇ. യുടെ സുഗമ അക്കൗണ്ട് സംബന്ധിച്ച എല്ലാ വിവരങ്ങളും ബന്ധപ്പെട്ട ഉപഭോക്താക്കൾക്ക് പ്രസ്തുത ആപ്പ് മുഖേന ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

മറുപടി: സുഗമ അക്കൗണ്ടിലെ ബാലൻസ് പരിശോധിയ്ക്കുന്നതിനും പാസ്സ് ബുക്ക് കാണുന്നതിനും അക്കൗണ്ടിലേക്ക് പണമടയ്ക്കുന്നതിനും സ്റ്റാന്റിങ് ഇൻസ്ട്രക്ഷൻ നൽകുന്നതിനും /പിൻവലിക്കുന്നതിനും ഉള്ള സംവിധാനങ്ങൾ ആണ് പവർ ആപ്പിൽ നിലവിൽ ഒരുക്കിയിട്ടുള്ളത്.

(സി) കെ.എസ്.എഫ്.ഇ.യുടെ ഒരു ബ്രാഞ്ചിൽ നിലവിലുള്ള സുഗമ അക്കൗണ്ടിലേയ്ക്ക് മറ്റൊരു ബ്രാഞ്ചിൽ നിന്നും അയക്കുന്ന തുക ഏതു ബ്രാഞ്ചിൽ നിന്ന് അയച്ചുവെന്നോ ആരാണ് അയച്ചതെന്നോ പവർ ആപ്പിലൂടെയോ, സുഗമ അക്കൗണ്ട് പാസ്ബുക്കിലൂടെയോ മനസ്സിലാക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇടപാടുകാർക്ക് ഉണ്ടാകുന്ന പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ആപ്പിൽ അടിയന്തരമായി പരിഷ്കരണങ്ങൾ വരുത്തുമോയെന്നും ഇടപാടുകാരന്റെ സുഗമ അക്കൗണ്ടിലേക്ക് എത്തുന്ന തുക ഏത് ബ്രാഞ്ചിൽ നിന്ന് ആരാണ് അയച്ചത് എന്നീ വിവരങ്ങൾ ഉപഭോക്താവിന് മൊബൈലിൽ മെസ്സേജ് ആയി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ പവർ ആപ്പിൽ നൽകിയിട്ടുള്ള പാസ്സ് ബുക്കിൽ ഉൾപ്പെടുത്താനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു. സുഗമയിലേക്ക് സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ വഴി വരുന്ന തുകയെ സംബന്ധിച്ച് മാത്രമേ ഇപ്പോൾ മെസ്സേജ് അയയ്ക്കുന്നുള്ളൂ. സുഗമയുമായി ബന്ധപ്പെട്ട മറ്റുള്ള ഇടപാടുകളെ സംബന്ധിച്ച് മെസ്സേജ് അയയ്ക്കുന്നതിനുള്ള സംവിധാനം പ്രായോഗിക വിലയിരുത്തലുകൾക്ക് വിധേയമായി നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ